SUNDAY
www.mangalam.com
2019 മാർച്ച് - 10
സൺഡേ മംഗളം

CINEMA

പേജ് 4 ▸▸▸

ഒരു സുപ്രസിദ്ധ പെണ്ണ്

പെൺവെളിച്ചം...!

മാർച്ച് 8–ന് ഒരു വനിതാദിനംകൂടി പിന്നിടുമ്പോൾ
മഹാമനസ്കതയുടെ പ്രതീകമായി മാറിയ നിർമല എന്ന സാധാരണക്കാരിയുടെ അസാധാരണമായ ജീവിതകഥ...

നിർമല

കടുത്ത ദാരിദ്ര്യം നിറഞ്ഞ സാഹചര്യത്തിലും കാഴ്ചയില്ലാത്ത ഒരാളെ വിവാഹം കഴിക്കുക എന്ന ബോധപൂർവമായ തീരുമാനം നടപ്പിലാക്കിയ നിർമല സ്വപരിശ്രമത്തിലൂടെ സംരംഭകവിജയം കണ്ടെത്തി ഭർത്താവിന് കൂടി തുണയായി. നമ്മുടെ ജീവിതം അശരണരായ ഒരാൾക്കെങ്കിലും താങ്ങാവണമെന്ന തത്ത്വശാസ്ത്രത്തിൽ ഉറച്ചു വിശ്വസിക്കുന്നു നിർമല. ഇന്ന് നിരവധി പേർക്ക് ഭക്ഷണവും വസ്ത്രവും മറ്റ് സഹായങ്ങളും എത്തിച്ചുകൊണ്ട് ജീവിതം സഹജീവികൾക്ക് വേണ്ടി കൂടിയുള്ളതാണെന്ന് അവർ തെളിയിക്കുന്നു.



നിർമല ഭർത്താവ് കുട്ടിയപ്പനും മക്കൾക്കുമൊപ്പം

■ ആശ എസ്. പണിക്കർ

''എനിക്ക് കണ്ണു കാണാൻ വയ്യാത്ത ആളെ കല്യാണം കഴിച്ചാൽ മതി.''

നിർമല പറഞ്ഞതു കേട്ട് വീട്ടുകാർ അമ്പരന്നു. ദരിദ്ര കുടുംബമാണെങ്കിലും കാഴ്ചയില്ലാത്ത ഒരാളെ കൊണ്ട് മകളെ കല്യാണം കഴിപ്പിക്കുന്ന കാര്യം വീട്ടുകാർക്ക് ആലോചിക്കാൻ കൂടി കഴിയില്ലായിരുന്നു. മൂത്ത ചേട്ടൻമാരും ചേച്ചിമാരുമെല്ലാം പറഞ്ഞു മനസിലാക്കാൻ നോക്കി. പക്ഷേ, നിർമല പിൻമാറിയില്ല. അങ്ങനെ കണ്ണിനു കാഴ്ചയില്ലാത്ത കുട്ടിയപ്പന്റെ കൈപിടിച്ച് നിർമല തന്റെ വിവാഹ ജീവിതം ആരംഭിച്ചു.

മുപ്പത്തിരണ്ട് വർഷം മുമ്പായിരുന്നു നിർമലയുടെ വിവാഹം. ഇല്ലായ്മകളുടെ ഇരുട്ടിൽ കഴിയുമ്പോഴും മറ്റുള്ളവർക്കായി ഒരു വിളക്ക് പോലെ തെളിഞ്ഞുകത്താനുള്ള മനഃസാന്നിധ്യമായിരുന്നു നിർമല എന്ന സ്ത്രീയുടെ ശക്തി. ഇന്ന് അമ്പത്തിയൊമ്പതു വയസ് പൂർത്തിയായ നിർമല അനേകരുടെ ജീവിതത്തിലേക്ക് വെളിച്ചമായി കടന്നു ചെല്ലുന്നു.

മലപ്പുറം ജില്ലയിലെ വണ്ടൂരിലാണ് നിർമലയുടെ സ്വന്തം വീട്. അച്ഛനും അമ്മയും ഒമ്പതു മക്കളുമടങ്ങുന്ന വലിയ കുടുംബം. നാല് ആൺമക്കളും അഞ്ച് പെൺമക്കളും. എട്ടാമത്തെ ആളായിരുന്നു നിർമല. അച്ഛൻ കുട്ടന് സ്വർണപ്പണിയായിരുന്നു. അമ്മയ്ക്ക് ജോലിയൊന്നുമില്ല. എട്ടാം ക്ളാസ് വരെ പഠിക്കാനേ നിർമലയ്ക്ക് കഴിഞ്ഞുള്ളൂ. വീട്ടിലെ ദാരിദ്ര്യം തന്നെയായിരുന്നു പ്രധാന കാരണം. വീട്ടിൽ ഒരു നേരം മാത്രമേ കഴിക്കാൻ ഭക്ഷണം ഉണ്ടാവുകയുള്ളൂ.

മൂത്ത ചേട്ടൻമാർ ഓരോരുത്തരായി കല്യാണം കഴിച്ച് മാറി താമസിച്ചതോടെ വീട്ടുകാര്യങ്ങൾ വീണ്ടും പരുങ്ങലിലായി. അങ്ങനെ കഷ്ടപ്പാടുകൾക്കിടയിൽ ജീവിക്കുമ്പോഴാണ് അടുത്ത വീട്ടിലെ കണ്ണു കാണാൻ വയ്യാത്ത ഒരാളുടെ കല്യാണം വരുന്നത്. എല്ലാവർക്കുമൊപ്പം നിർമലയും കല്യാണം കൂടാൻ പോയി. കാഴ്ചയില്ലാത്തവരുടെ കൂട്ടായ്മയിലെ കുറേ ആളുകൾ ആ കല്യാണത്തിനു വന്നിരുന്നു. ആ സംഭവം നിർമലയുടെ മനസിനെ സ്പർശിച്ചു. എന്നെങ്കിലും വിവാഹം കഴിക്കുന്നെങ്കിൽ അത് കണ്ണു കാണാൻ വയ്യാത്ത ഒരാളെയായിരിക്കുമെന്ന് മനസിൽ നിശ്ചയിച്ചു.

പിന്നീട് കുറേ നാൾ കടന്നു പോയി. ഇരുപത്തിയേഴ് വയസായപ്പോൾ വീട്ടുകാർ നിർമലയ്ക്ക് കല്യാണാലോചന തുടങ്ങി. അപ്പോഴാണ് തന്റെ മനസിലെ ആഗ്രഹം വീട്ടുകാരോട് തുറന്നു പറഞ്ഞത്. അവരെല്ലാം അമ്പരന്നു പോയി. പക്ഷേ, നിർമല തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു. മറ്റൊരാളുടെ ജീവിതത്തിനു താങ്ങും തണലുമാകുക. അതാണ് തന്റെ തീരുമാനമെന്നു പറഞ്ഞപ്പോൾ വീട്ടുകാർക്കും ബന്ധുക്കൾക്കുമെല്ലാം വിഷമമായിരുന്നു. അവസാനം വീട്ടുകാർ വഴങ്ങി. അങ്ങനെയാണ് കുട്ടിയപ്പൻ നിർമലയുടെ ജീവിതത്തിലേക്ക് കടന്നു വരുന്നത്.

''പാവങ്ങളായിരുന്നു ഞങ്ങൾ. വീട്ടുകാർക്ക് ഇങ്ങനെയൊരു കല്യാണത്തിന് താൽപര്യമില്ലായിരുന്നു. കാരണം മാതാപിതാക്കളാരും തന്റെ മക്കളെ ഇങ്ങനെയുള്ള ഒരു വ്യക്തിക്ക് കല്യാണം കഴിച്ചു കൊടുക്കാൻ ആഗ്രഹിക്കില്ലല്ലോ? പക്ഷേ, ദൈവം കാഴ്ചയില്ലാതെ സൃഷ്ടിച്ച ഒരാളെ ഭർത്താവായി മതിയെന്ന് ഞാൻ തീരുമാനിക്കുകയായിരുന്നു. അത് തെറ്റായിരുന്നുവെന്ന് ഇന്നു വരെ തോന്നിയിട്ടില്ല.''

നിർമല പറയുന്നു.

ഇരുട്ടിന്റെ ലോകത്ത് ജീവിച്ച കുട്ടിയപ്പന്റെ ജീവിതത്തിലേക്ക് വെളിച്ചമായി നിർമലയെത്തിയെങ്കിലും. അവിടെയും പ്രാരബ്ധങ്ങൾ തന്നെയാണ് കൂട്ടിനുണ്ടായിരുന്നത്. അത്രയൊന്നും സാമ്പത്തിക ശേഷിയില്ലാത്ത വീട്. നാലു മക്കളും അച്ഛനും അമ്മയുമുള്ള വലിയ കുടുംബമായിരുന്നു അവരുടേതും. കുട്ടിയപ്പന്റെ ഇളയ സഹോദരിക്കും കാഴ്ചയില്ലായിരുന്നു. ഭർത്താവിന്റെ അനുജൻ കൂലിപ്പണിക്കു പോയി കിട്ടുന്ന വരുമാനം കൊണ്ടാണ് ആദ്യമൊക്കെ കഴിഞ്ഞുകൂടിയിരുന്നത്. കുട്ടിയപ്പൻ ലോട്ടറി വിൽക്കാൻ പോകുമായിരുന്നെങ്കിലും ജീവിക്കാൻ മതിയായ വരുമാനം കിട്ടിയിരുന്നില്ല. കഷ്ടപ്പാടുകൾക്കിടയിലൂടെ ഭർത്താവിന്റെ കൈപിടിച്ചു തന്നെ നിർമല നടന്നു.

അതിനിടെ അന്ധർക്ക് സർക്കാർ വീടുവച്ച് നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയപ്പോൾ നിർമലയ്ക്കും കുട്ടിയപ്പനും ഒരു കൊച്ചു വീടു കിട്ടി.

''എന്റെ മക്കൾ അപ്പോൾ മൂന്നിലും നാലിലും പഠിക്കുകയാണ്. ജോലിയില്ല, വരുമാനമില്ല. കുഞ്ഞുങ്ങൾക്ക് നല്ല ആഹാരം കൊടുക്കാൻ പോലും ഞങ്ങൾക്ക് നിവൃത്തിയില്ലായിരുന്നു. ഇടയ്ക്കൊക്കെ എന്റെ ചേട്ടൻ കുറച്ച് പൈസയോ വീട്ടു സാമാനങ്ങളോ തരും. അതുകൊണ്ടൊന്നും തികയാതെ വന്നപ്പോൾ ഞാൻ വീട്ടിലിരുന്ന് ബീഡി തെറുത്തു കൊടുത്തു. മൂന്നു ദിവസം കൂടുമ്പോൾ ഇരുപത്തിയഞ്ച് രൂപയാണ് കൂലി കിട്ടുക. അതൊന്നിനും തികയില്ല. എന്റെ കഷ്ടപ്പാടു കണ്ട് ഇടയ്ക്കൊക്കെ അയൽപക്കത്തുള്ളവർ സഹായിക്കുമായിരുന്നു. എന്റെ മക്കളും ഭർത്താവും ഞാനും ഇല്ലായ്മയുടെ ദുരിതം അന്നൊക്കെ നന്നായി അറിഞ്ഞാണ് കഴിഞ്ഞു കൂടിയത്. ജീവിതം എങ്ങനെ തള്ളിനീക്കുമെന്നറിയില്ല. ആരോടും പോയി ചോദിക്കാനോ, പരാതി പറയാനോ കഴിയില്ലല്ലോ? ജീവിക്കാൻ എന്തെങ്കിലും ഒരു വഴി കാണിച്ചുതരണമെന്ന് ഞാനെന്നും ദൈവത്തോട് പ്രാർത്ഥിച്ചു. അത് ദൈവം കേട്ടു. അങ്ങനെ 2001–ലാണ് ഞാൻ കുടുംബശ്രീയിൽ ചേരുന്നത്'' നിർമല പറഞ്ഞു.

തന്റെ വാർഡിൽ രണ്ട് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ടായിരുന്നു നിർമല കുടുംബശ്രീ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. ആഴ്ചയിൽ പത്തു രൂപ സമ്പാദ്യമായി നിക്ഷേപിക്കാൻ പോലും നിർമല ഏറെ പ്രയാസപ്പെട്ടു. എന്നാലും അയൽക്കൂട്ടത്തിന് ആദ്യത്തെ ആഴ്ചതന്നെ ഇരുനൂറ്റി എഴുപത്തഞ്ച് രൂപ സമ്പാദ്യം സ്വരൂപിക്കാൻ കഴിഞ്ഞു. അപ്പോഴാണ് നിർമലയ്ക്ക് ഒരാശയം തോന്നിയത്. താമസിക്കുന്ന സ്ഥലത്ത് ഇഷ്ടം പോലെ മാങ്ങ കിട്ടും. അത്യാവശ്യം നന്നായി അച്ചാർ ഉണ്ടാക്കാൻ അറിയുകയും ചെയ്യാം. പക്ഷേ, കുറച്ച് മുതൽമുടക്ക് വേണം. അതിന് എന്തു ചെയ്യുമെന്ന് വിചാരിച്ചപ്പോൾ അയൽക്കൂട്ടത്തിലെ മറ്റ് അംഗങ്ങളെല്ലാവരും കൂടി ഇരുനൂറ്റി എഴുപത്തിയഞ്ച് രൂപ നിർമലയ്ക്ക് വായ്പ കൊടുക്കാമെന്നു തീരുമാനിച്ചു. ആ പൈസ കൊണ്ട് അത്യാവശ്യം മുളകുപൊടിയും മറ്റും വാങ്ങി അച്ചാർ തയ്യാറാക്കി വിറ്റു. അഞ്ഞൂറു രൂപയാണ് അന്നു കിട്ടിയത്. അതിൽ നിന്നും വായ്പ തിരിച്ചടച്ചു. പിന്നീട് ജില്ലാമിഷന്റെ പരിശീലന പരിപാടി വന്നു. അന്ന് ഒരു നാനൂറ് പേർക്ക് ഭക്ഷണമുണ്ടാക്കി കൊടുക്കാനുള്ള ഓർഡർ കിട്ടി. അത് നിർമലയുടെ ജീവിതത്തിൽ വഴിത്തിരിവായി. പിന്നെ കുറേശെ മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി എന്നിവയും ഉണ്ടാക്കി വിൽക്കാൻ തുടങ്ങി. ആദ്യമെല്ലാം അയൽക്കൂട്ടങ്ങളിലും സമീപത്തുള്ള കടകളിലുമാണ് വിറ്റിരുന്നത്. ക്രമേണ കുടുംബശ്രീ സംഘടിപ്പിക്കുന്ന മാസച്ചന്തകളിലും മറ്റ് വിപണന മേളകളിലും തന്റെ ഉൽപന്നങ്ങളുമായി പങ്കെടുക്കാൻ നിർമലയ്ക്ക് അവസരം ലഭിച്ചു. സാമാന്യം നല്ല രീതിയിൽ വരുമാനവും ലഭിച്ചു തുടങ്ങി. ഇതോടെ തന്റെ ചെറിയ സംരംഭം വിപുലീകരിക്കാൻ നിർമല തീരുമാനിച്ചു. ഭർത്താവും പിന്തുണച്ചു. മുളക്, മല്ലി, മഞ്ഞൾ, വെളുത്തുള്ളി തുടങ്ങി അച്ചാറുണ്ടാക്കാൻ ആവശ്യമായ സാധനങ്ങൾ കോയമ്പത്തൂരിൽ പോയി മൊത്തവ്യാപാരികളിൽ നിന്നും വാങ്ങിക്കൊണ്ടു വന്നു. ആരും കൂട്ടിനുണ്ടായിരുന്നില്ല. നിർമല തനിച്ചാണ് പോയത്. രാപകലില്ലാതെ കഷ്ടപ്പെട്ട് അച്ചാറും വിവിധ തരം കറി പൗഡറുകളും ഉണ്ടാക്കി. ആ സമയത്ത് ഓണവും റംസാനും വന്നപ്പോൾ അതിനോടനുബന്ധിച്ച് സംഘടിപ്പിച്ച വിപണന മേളയിൽ നിർമലയ്ക്കും തന്റെ ഉൽപന്നങ്ങളുമായി പങ്കെടുക്കാൻ കുടുംബശ്രീ ജില്ലാമിഷൻ അധികൃതർ എല്ലാവിധ പിന്തുണയും നൽകി.

''ആ പ്രാവശ്യം കിട്ടിയ വരുമാനത്തിൽ നിന്നാണ് മകന് ഒരു ലാപ്ടോപ്പ് വാങ്ങി കൊടുത്തത്. അടുത്ത തവണ പങ്കെടുത്തു കിട്ടിയ പൈസ കൊണ്ട് വീട്ടിലേക്കൊരു കളർ ടിവി വാങ്ങിച്ചു. മക്കളുടെ വലിയ ആഗ്രഹമായിരുന്നു അത്. 2005–ൽ ഞാൻ കുടുംബശ്രീ ഹോട്ടലും തുടങ്ങി. അതിനു ശേഷം എനിക്ക് ഒരു ബുദ്ധിമുട്ടും വന്നിട്ടില്ല. പഞ്ചായത്തിന്റെയും ബ്ളോക്കിന്റെയുമൊക്കെ എല്ലാ പരിപാടികൾക്കും ഭക്ഷണം വിതരണം ചെയ്യാൻ നമ്മളെയാണ് വിളിക്കുക. ഒരു നേരത്തെ ആഹാരത്തിനു ബുദ്ധിമുട്ടിയിരുന്ന എന്റെ വീട്ടിൽ നാല് നേരവും നല്ല ആഹാരം കഴിക്കാൻ ഭാഗ്യമുണ്ടായി''നിർമല പറയുന്നു.

അയൽക്കൂട്ട ഭാരവാഹി മാത്രമല്ല, ലീഗൽ വോളണ്ടിയർകൂടിയാണ് നിർമല ഇപ്പോൾ. ഇരുപത്തിയേഴാം വയസിൽ ഇരുട്ടു മാത്രമുണ്ടായിരുന്ന ഒരു ജീവിതത്തെ തന്നോടൊപ്പം ചേർത്തു നിർത്തി വെളിച്ചമേകിയ നിർമലയ്ക്ക് ആരുമില്ലാത്തവർക്ക് നൽകാൻ ഹൃദയത്തിലിന്നും കരുണയേറെയുണ്ട്. അതാണ് കൊണ്ടോട്ടിയിലെ വഴിവക്കിൽ അലഞ്ഞു നടക്കുന്നവർക്കും സംരക്ഷിക്കാൻ ആരുമില്ലാതെ കഴിയുന്ന വയോധികർക്കും ഭക്ഷണവും വസ്ത്രവും മരുന്നും സ്നേഹവുമൊക്കെയായി ലഭിക്കുന്നത്.

ഒരിക്കൽ തമിഴ്നാട്ടിൽ നിന്നും തീർത്ഥാടനത്തിന് വന്ന സംഘത്തിലെ ഒരാൾക്ക് കടുത്ത വയറിളക്കം വന്നപ്പോൾ കൂടെയുണ്ടായിരുന്നവർ അയാളെ വഴിയരികിലെ ഇരുട്ടിൽ ഉപേക്ഷിച്ചു പോയി. വീടിനടുത്തുള്ള ആരോ ചെന്ന് നിർമലയെ വിവരമറിയിച്ചു. ഓടിച്ചെന്നപ്പോൾ ദേഹം നിറയെ മലമൂത്ര വിസർജ്യങ്ങളുമായി ഒരു വയോധികൻ. നിർമലയ്ക്ക് അറപ്പൊന്നും തോന്നിയില്ല. വൃത്തിയായി കുളിപ്പിച്ച് നല്ല വസ്ത്രങ്ങളും ധരിപ്പിച്ചു. പോലീസിലും വിവരമറിയിച്ചു. അവർ എത്തും മുമ്പ് തന്നെ നല്ല ചൂടുകഞ്ഞിയുണ്ടാക്കി ആ വൃദ്ധന് നൽകി. പോലീസ് വന്ന് അയാളെ ആശുപത്രിയിൽ കൊണ്ടുപോയി. പിന്നീട് ബന്ധുക്കളെ വിവരം അറിയിച്ചു.

തെരുവിൽ അലഞ്ഞു നടക്കുന്ന, ഭക്ഷണത്തിന് വകയില്ലാത്ത ആർക്കും ഇന്ന് നിർമലയുടെ സഹായമെത്തും. അന്നത്തിന്റെയും കരുതലിന്റെയും രൂപത്തിൽ. ഈ കുടുംബശ്രീ വനിതയുടെ നേതൃത്വത്തിൽ ഇന്ന് നിരവധി പേർക്ക് സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്.

പതിനെട്ട് കുടുംബങ്ങൾക്ക് ഒരു വരുമാന മാർഗം കണ്ടെത്തുന്നതിന്റെ ഭാഗമായി തയ്യൽ മെഷീൻ വാങ്ങി നൽകാൻ ഈ വീട്ടമ്മയ്ക്ക് സാധിച്ചു. കൂടാതെ സംരക്ഷിക്കാൻ ആരുമില്ലാത്ത ഒരു കുടുംബത്തെ ഏറ്റെടുത്ത് അവരുടെ എല്ലാ കാര്യങ്ങളും നോക്കുന്നു. കാൻസർ രോഗികൾക്കും ഇവർ ആശ്രയമാകുന്നു. വസ്ത്രമില്ലാത്തവർക്ക് അത് വാങ്ങി കൊടുക്കും. വീടിനു പുറത്തിറങ്ങി സ്വന്തം കാര്യങ്ങൾ നടത്താൻ കഴിയാത്ത ശാരീരിക വിഷമതകൾ നേരിടുന്നവർക്കു വേണ്ട എല്ലാ സഹായവും നിർമല ചെയ്തു കൊടുക്കും. ഹോട്ടലിൽ ജോലിക്കു നിൽക്കുന്ന യുവതിയുടെ ഭർത്താവ് കാൻസർ വന്നു മരിച്ചു. അവരുടെ ഇളയകുട്ടിയുടെ കിഡ്നിക്ക് തകരാറുമുണ്ട്. ഇവരുടെ വീട് പണി പൂർത്തിയാക്കാനുള്ള പരിശ്രമങ്ങളിലാണ് നിർമ്മലയിപ്പോൾ.

''ഹോട്ടലിൽ ജോലിക്കു നിൽക്കുന്ന സ്ത്രീകൾ എല്ലാവരും തന്നെ വിധവകളും സംരക്ഷിക്കാൻ ആരുമില്ലാത്തവരുമൊക്കെയാണ്. അവർക്ക് സ്വന്തമായി ഒരു വരുമാനമാർഗം നൽകാൻ കഴിയുമല്ലോ? അതുകൊണ്ടാണ് ഇങ്ങനെയുള്ളവരെ തന്നെ ജോലിക്കെടുത്തത്.'' നിർമല പറഞ്ഞു. സാമൂഹ്യസേവനത്തിന് പഞ്ചായത്തിന്റെയും വിവിധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ ഇതുവരെ അറുപതോളം അവാർഡുകൾ നിർമലയെ തേടിയെത്തിയിട്ടുണ്ട്.

''എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കുടുംബത്തിന്റെ പൂർണ പിന്തുണയുണ്ട്. കുടുംബശ്രീയുടെ സഹായവുമുണ്ട്. എന്താവശ്യമുണ്ടെങ്കിലും ജില്ലാമിഷൻ അധികൃതർ ഞങ്ങൾക്കൊപ്പമുണ്ട്. സ്വന്തമായി നല്ലൊരു വീടുവച്ചു. മൂത്തമകൻ പഠിച്ച് എൻജിനീയറായി. ഇളയമകൻ പഠിക്കുന്നു. ഒരു നേരത്തെ ആഹാരത്തിനു ബുദ്ധിമുട്ടിയ എനിക്ക് ഇന്ന് വിശന്നു വലയുന്ന എത്രയോ പേർക്ക് ആഹാരം കൊടുക്കാൻ കഴിയുന്നു. അത് വലിയ ദൈവാനുഗ്രഹമായി കാണുന്നു. എല്ലാ ദിവസവും ഇരുനൂറു രൂപ വീതം ഞങ്ങൾ മാറ്റി വയ്ക്കുന്നുണ്ട്. അത് പാവങ്ങൾക്ക് സഹായം ചെയ്യാനുള്ള ഞങ്ങളുടെ ചെറിയ കരുതലാണ്. ഇനിയും ഒരുപാട് പേരെ സഹായിക്കണമെന്നുണ്ട്. അതിന് ദൈവം കരുത്തു നൽകട്ടെ.''

അതും പറഞ്ഞ് നിർമല ചിരിക്കുന്നു. കാരുണ്യസ്പർശമുള്ള ചിരി. ●

LIONS CLUB OF WANDOOR
LIONS CLUB
WANDOOR